**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5058** **20-03-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി കൈമാറ്റ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി കൈമാറ്റ നടപടികളുടെ ഫയൽ നിലവിൽ ആരുടെ കൈവശമാണെന്നും ആയതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വിശദമാക്കാമോ? | (എ) | അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുള്ള അരൂർ വില്ലേജിൽ സർവ്വെ നമ്പർ 13/5 ബി 1 ൽ പ്പെട്ട വസ്തുവിൽ, അരൂർ കാർത്യായനി ദേവീ ക്ഷേത്രം ഭാരവാഹികൾ അവകാശവാദമുന്നയിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത DBP No. 8/2023 നം കേസിലെ 16.08.2023-ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിൽ അരൂർ വില്ലേജിലെ സർവ്വെ നമ്പർ 13/5ബി 1 ൽ പ്പെട്ടതും ടി കേസിന് ആധാരമായതുമായ ഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിന് അഞ്ചാം എതിർ കക്ഷിയായ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ആയതുപ്രകാരം തീരുമാനം എടുക്കുന്നതിലേക്ക് അരൂർ വില്ലേജിലെ സർവ്വെ നമ്പർ 13/5ബി 1ൽപ്പെട്ടതും ടി കേസിന് ആധാരമായതുമായ ഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുന്നതിനായി റവന്യൂ രേഖകൾ (സെറ്റിൽമെന്റ് രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ, ബി.ടി.ആർ മുതലായവ) പരിശോധിച്ചും, ട്രാവൻകൂർ ദേവസ്വം ബോർഡിനും അരൂർ കാർത്യായനി ദേവീ ക്ഷേത്ര അഡ്വൈസറി കമ്മിറ്റിക്കും രേഖകൾ സമർപ്പിക്കുന്നതിന് അവസരം നല്കിയ ശേഷം ടി രേഖകളും പരിശോധിച്ചും വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>ടി വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ (എം) വകുപ്പിലും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ആലപ്പുഴ കളക്ടേറ്റിലും ചേർത്തല താലൂക്ക് ഓഫീസിലും ഫയൽ നിലവിലുള്ളതാണ്. ടി ഓഫീസുകളിലെ ഫയൽ നമ്പർ ചുവടെ ചേർക്കുന്നു.<br><br>1. ഗവൺമെന്റ് ഫയൽ നമ്പർ - M2/109/2021/REV |

| | | | |
|---|---|---|---|
| | | | 2. ലാൻഡ് റവന്യൂ കമ്മീഷണറുടെ ഫയൽ നമ്പർ - LR/8000/2022-LR(K2)<br><br>3.കളക്ടേറ്റ് ഫയൽ നമ്പർ -DCALP/1295/2020/C12<br><br>4. താലൂക്ക് ഫയൽ നമ്പർ -H5/2580/2021 |

സെക്ഷൻ ഓഫീസർ